LIBRARY ARCHIVES Kerala Legislative Assembly

അത്തൂർ ഫയർ സ്റ്റേഷൻ

262 (2091) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആഭ്യന്തര, വ്യവസായ വകുപ്പ് മന്ത്രിമാരുടെയും അത്തൂർ എം.എൽ.എ യുടേയും സാന്നിദ്ധ്യത്തിൽ തീരുമാനിച്ചത് എന്നാണ്;

(ബി) ഇതിലേക്കായി ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലം അനുവദിച്ച് നൽകുന്നതിനായി ഫയർ ഡിപ്പാർട്ട്മെന്റ് ആലപ്പുഴ വ്യവസായ കേന്ദ്രം മാനേജർക്കോ, വ്യവസായ വകുപ്പ് ഡയറക്ടർക്കോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) മന്ത്രിമാരുടേയും എം.എൽ.എ.-യുടേയും വ്യവസായ, ആഭ്യന്തര സെക്രട്ടറിമാരുടേയും സാന്നിദ്ധ്യത്തിൽ തീരുമാനം എടുത്തിട്ടും ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് അപേക്ഷ നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ;

(ഡി) പ്രസ്തുത കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് അത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷന് സമ്മതമാണെന്ന് അറിയിച്ചിട്ടും സ്ഥലം ഫയർ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലാക്കിയാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവൂ എന്നത് മനസ്സിലാക്കി പ്രസ്തുത സ്ഥലം ലഭ്യമാക്കി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 17-3-2015-ൽ.

(ബി&സി) 17-3-2015-ൽ കൂടിയ യോഗത്തിൽ അത്തൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനം സ്വീകരിച്ചിട്ടുള്ളതിനാൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഉപയോഗപ്രദമാക്കാമെന്നാണ് ബഹു. എം.എൽ.എ. അഭിപ്രായപ്പെട്ടത്. ഇപ്രകാരം അത്തൂർ പോലീസ് സ്റ്റേഷൻ മാറ്റുന്നമുറയ്ക്ക് പോലീസ് സ്റ്റേഷൻ നിലനിൽക്കുന്ന സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പേരിൽ കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.